**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2272** **16-03-2022 - ൽ മറുപടിയ്ക്ക്**

**മുൻഗണനാ റേഷൻ കാർഡ് നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | null<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | അർഹതയുണ്ടായിട്ടും നിരവധിപേർക്ക് മുൻഗണനാ റേഷൻ കാർഡ് ലഭിക്കാത്തത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അർഹരായ മുഴുവൻ പേർക്കും മുൻഗണനാ റേഷൻ കാർഡ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) | ഉണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം എ.എ.വൈ, പി.എച്ച്.എച്ച് വിഭാഗങ്ങളാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടുവരുന്നത്. എ.എ.വൈ വിഭാഗത്തെ കണ്ടെത്തുന്നതിനായുള്ള കേന്ദ്ര മാനദണ്ഡങ്ങളുടെയും പി.എച്ച്.എച്ച് വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള സംസ്ഥാന മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ അർഹരായവരെ കണ്ടെത്തി കേന്ദ്ര സർക്കാർ പരിമിതപ്പെടുത്തിയിട്ടുള്ള 1,54,80,040 ഒഴിവുകളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നുണ്ട്. എന്നാൽ സംസ്ഥാനത്തിന് അനുവദിച്ച മുൻഗണനാ വിഭാഗം അംഗങ്ങളുടെ എണ്ണം പരിമിതമായതിനാൽ അർഹരായ എല്ലാ കുടുംബങ്ങൾക്കും മുൻഗണനാ റേഷൻ കാർഡുകൾ നൽകാൻ കഴിയുന്നില്ല. പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്നതിനായി തദ്ദേശസ്വയംഭരണ, മോട്ടോർവാഹന വകുപ്പുകളിൽ നിന്നുള്ള ഡേറ്റയുമായി ആർ.സി.എം.എസ് ഡാറ്റ മാപ്പിംഗ് നടത്തിയും എ.എ.വൈ/പി.എച്ച്.എച്ച് വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കിയും ആധാർ ലിങ്ക് ചെയ്യാത്തതോ ഒരംഗം മാത്രമുള്ളതോ ആയ മുൻഗണനാ റേഷൻകാർഡുകളും പരിശോധനയ്ക്ക് വിധേയമാക്കിയും എ.എ.വൈ, പി.എച്ച്.എച്ച് വിഭാഗത്തിൽപ്പെട്ട കാർഡുകളുടെ അർഹത പുന:പരിശോധിച്ചും അനർഹരെ കണ്ടെത്തി ഒഴിവാക്കി വരുന്നുണ്ട്. കൂടാതെ 17.06.2021 – ലെ 252/2021/ഭ.പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനർഹമായി മുൻഗണനാ റേഷൻ കാർഡ് കൈവശം വച്ചിരുന്നവർക്ക് പിഴ കൂടാതെ സറണ്ടർ ചെയ്യുന്നതിന് അവസരം നൽകിയിട്ടുണ്ട്. റേഷൻ ഭക്ഷ്യധാന്യങ്ങൾ ആവശ്യമില്ലാത്ത കാർഡുടമകൾക്ക് അവരുടെ റേഷൻ വിഹിതം ആറ്റ |

| | | | |
|---|---|---|---|
| | | | മാസകാലയളവിലേക്ക് ഉപേക്ഷിക്കാവുന്ന Give-UPപദ്ധതി പ്രയോജനപ്പെടുത്തിയിട്ടുള്ള എ.എ.വൈ / മുൻഗണനാ വിഭാഗത്തിൽപെട്ട കാർഡുടമകളെ കണ്ടെത്തി മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റുന്നുണ്ട്. ഇപ്രകാരം മുൻഗണനാ വിഭാഗത്തിൽ ഒഴിവുകൾ വരുന്ന മുറയ്ക്ക് അർഹരായവരെ പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തി വരുന്നു. |
| (ബി) | തിരൂർ നിയോജകമണ്ഡലത്തിൽ നിന്നും മുൻഗണനാ റേഷൻ കാർഡ് ലഭിക്കുന്നതിനായി നിലവിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; പ്രസ്തുത അപേക്ഷകളിൽ അനുവദിച്ചവ, നിരസിച്ചവ, പരിഗണനയിലുള്ളവ എന്നിവയുടെ ഇനം തിരിച്ചുള്ള എണ്ണം അറിയിക്കുമോ? | (ബി) | മുൻഗണനാ റേഷൻകാർഡ് ലഭിക്കുന്നതിനായി നിലവിൽ ലഭിച്ച അപേക്ഷകൾ - 985 എണ്ണം മുൻഗണനാ കാർഡുകൾ അനുവദിച്ചവ – 129 എണ്ണം നിരസിച്ചവ- 244 എണ്ണം പരിഗണനയിൽ ഉള്ളവ – 612 എണ്ണം |

സെക്ഷൻ ഓഫീസർ